Talented Bankers Literary Panel
പുസ്തക പരിചയം 132

പുസ്തകം പരിചയപ്പെടുത്തുന്നത്,
വിനു വിജയൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
RASMECC, കൊട്ടാരക്കര.

ദുര്യോധനൻ - കൗരവ വംശത്തിന്റെ ഇതിഹാസം
കഥാകാരൻ - ആനന്ദ് നീലകണ്ഠൻ
പരിഭാഷ : ശ്രീകുമാരി രാമചന്ദ്രൻ

മാതൃഭൂമി ബുക്സ് -
താളുകൾ - 560
വില : ₹ 500/-

അധികാരത്തിന്റെയും അവരുടെ സ്തുതിപാഠകരുടെയും ശബ്ദം പേറിയാണ് കാലങ്ങൾക്കു അപ്പുറത്ത് നിന്നും കാറ്റു വീശുന്നത്..... കാറ്റിലെ കഥകൾ നമ്മൾ ഏറ്റു പാടുമ്പോൾ, ആ കാറ്റു കരുതി വച്ച സുഗന്ധങ്ങൾ ഒരുപക്ഷെ നഷ്ടമായേക്കും.. ആ കാറ്റിൽ അലിഞ്ഞു ഇല്ലാതായ നഷ്ട സുഗന്ധങ്ങൾ അന്വേഷിച്ചുള്ള യാത്രയാണ് ഇത്..

പോരുവഴി മലനട ക്ഷേത്രത്തിലെ ദുര്യോധന ഭക്തിക്ക് നിദാനമായ കഥയിൽ നിന്നാണ് മഹാഭാരത കഥയിലെ, എന്നും വില്ലൻ വേഷത്തിൽ നിന്നിട്ടുള്ള ദുര്യോധനൻ എന്ന സുയോധനന്റെ വേറിട്ടൊരു ചിന്തയിലേക്ക് , സുയോധനൻ എന്ന വ്യക്തിയുടെ ഹൃദയ ശുദ്ധിയിലേക്കു നോവലിസ്റ്റ് കടക്കുന്നത്..

ഇന്നിന്റെ സാമുദായിക -മത ദുഷിപ്പുകൾ എല്ലാം തന്നെ അന്നും നിലനിൽക്കുന്നു.. ബ്രാഹ്മണ്യ മേൽക്കോയ്മയും, കീഴ്ജാതിക്കുള്ള വിവേചനവും, ഭ്രഷ്ടും, ബ്രാഹ്മണമേൽക്കോയ്മയോട് ഭയാദരവോടെ മാത്രം എതിരിടുന്ന ക്ഷത്രിയ നിസ്സഹായതയും, പുരഗമനആശയങ്ങളെ മുറുകെ പിടിക്കുന്ന ചുരുക്കം ചില വിപ്ലവകാരികളെയും നമുക്ക് കാട്ടിത്തന്നു കൊണ്ടാണ് കഥയുടെ ചുരുളുകൾ നിവരുന്നത്..

ഭീഷ്മരുടെ നയതന്ത്ര പാടവവും ആക്രമണോല്സുകതയും, വിദുരർ എന്ന കീഴ്ജാതിക്കാരനായ പ്രധാനമന്ത്രിയും, കണ്ണിൽ ഇരുൾ പടർന്നത് കൊണ്ട് മാത്രം പിന്നണിയിലേക്കു ഒതുക്കപ്പെട്ട ധൃതരാഷ്ട്രരും, ധർമ്മത്തിന്റെ മേലങ്കി പൊതിഞ്ഞു വാശിയിൽ കണ്ണുകൾ മൂടിക്കെട്ടിയ ഗാന്ധാരിയും, കൗശലവും കലഹവും തുന്നിച്ചേർത്തു ധർമ്മത്തിന്റെ കുടുക്കുകൾ ഇട്ടു അധർമ്മത്തെ ന്യായീകരിക്കുന്ന കുന്തിയും.. അവരുടെ ന്യായാന്യായങ്ങൾ, ചിന്തകൾ, വാശികൾ ഇവയിൽ ഒതുങ്ങി വരും തലമുറ

തകരുന്ന കാഴ്ചയാണ് കഥ..
ദുര്യോധനനെ പച്ച മനുഷ്യനായി അവതരിപ്പിക്കുന്ന നോവലിസ്റ്റ്, ദുര്യോധനന്റെ ചിന്തകളിലൂടെ, നിസ്സഹായതയിലൂടെ, മാനസിക പിരിമുറുക്കങ്ങളിലൂടെ, മനസ്സാക്ഷിക്കൊപ്പം നിന്ന് സ്വയം ഏൽക്കുന്ന പരാജയങ്ങളിലൂടെ കഥയെ മുന്നോട്ടു കൊണ്ട് പോകുന്നു..
ഭാവനയുടെ പരിലാളനങ്ങളിൽ ഉണർത്തിയെടുക്കുന്ന പുനർവായന നമ്മെ അതിശയിപ്പിക്കും..
ഭീഷ്മരോടുള്ള പ്രതികാരം കാത്തിരിക്കുന്ന ശകുനി, രാജ്യത്തിന്റെ ഉന്നത പദവിയിൽ എത്തിയിട്ടും സ്വന്തം ജാതിവേരുകൾ കെട്ടിവരിഞ്ഞിടുന്ന വിദുരർ, നിഷാദനായ ഏകലവ്യന്റെ സ്വയാർജിത ആയോധന വൈഭവം കണ്ടു സ്വശിഷ്യന്റെ പരാജയം മണത്തു ആത്മനിന്ദയില്ലാതെ പെരുവിരൽ ദക്ഷിണ ചോദിക്കുന്ന, ബ്രഹ്മണ്യത്തിൽ അഹങ്കരിക്കുന്ന ദ്രോണാചാര്യർ, സമൂഹത്തിലെ മതാന്ധതയെ വെല്ലുവിളിക്കുന്ന ബ്രാഹ്മണനായ കൃപാചാര്യന്റെ ഉപദേശപ്രകാരം കടുത്ത ബ്രഹ്മണ്യ വാദിയായ പരശുരാമന്റെ ശിഷ്യനാവാൻ ബ്രാഹ്മണ വേഷം ധരിക്കുന്ന കർണ്ണൻ, മധുരമൂറുന്ന വാഗ്വൈഭവത്തിലൂടെ സ്വയം ഈശ്വരനായി അവരോധിക്കുന്ന കൃഷ്ണൻ, പുരോഗമന വാദിയായ ബലരാമൻ,ഭർതൃ മാതാവ് പറഞ്ഞ പാഴ്വാക്കിൽ, സ്വയം വരം ചെയ്ത പുരുഷനോടൊപ്പം, സഹോദരങ്ങളെയും ഊഴം അനുസരിച്ചു പതിയാക്കേണ്ടി വരുമ്പോൾ കലഹിക്കുന്ന പാഞ്ചാലിയും, കൃഷ്ണൻ ആപൽബാന്ധവൻ ആണെന്ന് വിശ്വസിക്കുന്ന ഭിക്ഷു ആയ ജരനും, വിഭാഗീയ പ്രവർത്തങ്ങൾ നടത്തുന്നവരും..

കഥാപാത്രങ്ങളുടെ ബാഹുല്യം, ദുര്യോധനന്റെ കഥയെ സ്വാധീനിക്കാതെ കഥാകൃത്ത് ശ്രദ്ധിക്കുന്നുണ്ട്. ലക്ഷ്യം മാത്രം കാണുന്ന പ്രസിദ്ധമായ അർജുന നയങ്ങളിൽ കാണാതെ പോയ, ഇണക്കിളിയുടെ വേദനയും, അന്ധന്റെ മകൻ എന്ന പരിഹാസവും, അന്യന്റെ വേദനയും കാണുന്ന ദുര്യോധനൻ.. കഴിവിൽ മുന്നിൽ നിൽക്കുന്ന കർണ്ണനെ ശൂദ്രനായത് കൊണ്ട് അപമാനിക്കാൻ ശ്രമിക്കുന്ന ബ്രഹ്മണ്യത്തെ, കർണ്ണന് അംഗരാജ്യം ദാനം ചെയ്തു കൊണ്ട് പ്രതികരിക്കുന്ന സുയോധനൻ ..

എഴുതപ്പെട്ട ധർമത്തോടും, പിന്തിരിപ്പൻ ആശയങ്ങളോടും അവരുടെ ആരാധകരോടും പടവെട്ടി , ന്യായങ്ങളുടെ പക്ഷത്തു നിന്ന് തോറ്റു പോകുന്ന ദുര്യോധനന്റെ ആതമനൊമ്പരങ്ങളും രോഷങ്ങളും, പ്രണയവും പുതിയ വായനാനുഭവം ആണ്..